# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.434 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|

### സ്മാർട്ട് സിറ്റി പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ.എം.കെ.മുനീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സ്മാർട്ട് സിറ്റി പദ്ധതിയിൽ നഗരങ്ങളെ തിരഞ്ഞെടുക്കുന്നത് ഒരു അന്തർസംസ്ഥാന മത്സരത്തിലൂടെയാണ്. കേരളത്തിൽ നിന്ന് കൊച്ചി, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ, പാലക്കാട് നഗരങ്ങൾ ഈ മത്സരത്തിൽ പങ്കെടുക്കുകയും കൊച്ചി നഗരസഭ ഒന്നാം ഘട്ടത്തിൽ തന്നെ തിരഞ്ഞെടുക്കപ്പെടുകയും, പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്തു. രണ്ടാമതായി തലസ്ഥാന നഗരങ്ങളെ ഉൾപ്പെടുത്തി മത്സരം നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിൻ പ്രകാരം തിരുവനന്തപുരം നഗരത്തെ പദ്ധതിയിലുൾപ്പെടുത്താനുള്ള മത്സരത്തിനായി നഗരസഭ തയ്യാറെടുത്തു വരുന്നു. |
| (ബി) | ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹത നേടുന്നതിന് പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന തലത്തിൽ നഗരങ്ങൾ തമ്മിൽ കേന്ദ്ര നഗരവികസന മന്ത്രാലയം നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം മത്സരം നടത്തി ഒന്നാമതെത്തുന്ന നഗരം സ്മാർട്ട് സിറ്റി പദ്ധതി ലഭിക്കുന്നതിനായുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിന് യോഗ്യത നേടുന്നു. ഈ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ വിദഗ്ധ സമിതി പരിശോധിച്ച് യോഗ്യത നേടുന്നവർക്കാണ് പദ്ധതി അനുവദിക്കപ്പെടുന്നത്. ആദ്യഘട്ട മത്സരത്തിൽ യോഗ്യത നേടിയ കൊച്ചിക്ക് അന്തർ സംസ്ഥാന മത്സരത്തിലും മികവ് തെളിയിച്ച് അഞ്ചാം സ്ഥാനത്തെത്തി പദ്ധതി നേടിയെടുക്കാനായി. ഇപ്പോൾ നടക്കുന്ന മൂന്നാം ഘട്ട മത്സരത്തിൽ തലസ്ഥാന നഗരിയായ തിരുവനന്തപുരമാണ് പദ്ധതിക്കായി മത്സരിക്കുന്നത്. |
| (സി) | ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | സ്മാർട്ട് സിറ്റി പദ്ധതി ലഭിച്ച കൊച്ചിയിൽ പദ്ധതി നടത്തിപ്പിനായി കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് പദ്ധതി നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നു. തിരുവനന്തപുരത്ത് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനായി കൺസൾട്ടൻസിയെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ